**കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (A & T) നടപടിക്രമങ്ങൾ**

| | |
|---|---|
| വിഷയം:- | ആ.വ.ഡ ശ്രീമതി. സീന. കെ. എസ്, ജെ.പി.എച്ച്.എൻ, ശ്രീമതി. മോനിഷ, ജെ.പി.എച്ച്.എൻ, എന്നിവരുടെ ജെ.പി.എച്ച്.എൻ ഗ്രേഡ്-2 സീനിയോറിറ്റി പട്ടികയിലെ നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്ത് റാങ്ക് പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്- |
| സൂചന :- | 1. 10.08.2009 ലെ FW(Spl.Cell) 61647/07/ഡി. എച്ച്. എസ് ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ജെ.പി.എച്ച്.എൻ ഗ്രേഡ്-2 സീനിയോറിറ്റി പട്ടിക.<br>2. 11.04.2019 ലെ ശ്രീമതി. സീന. കെ. എസ്, ശ്രീമതി. മോനിഷ എന്നിവർ സമർപ്പിച്ച കത്ത്<br>3. കത്ത് നമ്പർ.എ4/13407/2017/ജി.മെ.ആ, വയനാട്, തീയതി. 26.12.2018<br>4. 19.3.2019, 11.04.2019 എന്നീ തീയതികളിൽ നടന്ന ഹിയറിങ്ങിന്റെ മിനിട്സ്<br>5. 10.05.2019 ൽ ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച നോട്ടീസ് നമ്പർ. ഇ. എസ് 5-12377/2019/DHS |

**ഉത്തരവ് നം. ഇ.എസ് 5/12377/19/ആ.വ.ഡ/തീയതി : 21/06/2019**

വയനാട് ജില്ലയിൽ തൊണ്ടർനാട് പി. എച്ച്. സിയിലെ ജെ. പി. എച്ച്. എൻ ശ്രീമതി. സീന. കെ. എസ്, പെരിയ സി.എച്ച്.സിയിലെ ജെ. പി. എച്ച്. എൻ ശ്രീമതി. മോനിഷ എന്നിവർക്ക് സൂചന 1 പ്രകാരമുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ്-2 സീനിയോറിറ്റി പട്ടികയിലെ സ്ഥാനം യഥാക്രമം 2642 ഉം, 2644 ഉം ക്രമപ്രകാരമല്ലായ്കയാൽ ടി വിഷയം സംബന്ധിച്ച് സേവന പുസ്തകങ്ങളും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിൽ ടിയാളുകളുടെ പി. എസ്. സി അഡ്വൈസ് മെമ്മോയുടെ തീയതി 27/08/2005 ന പകരം 30/04/2005 എന്ന് തെറ്റായി രേഖപ്പെടുത്തി സീനിയോറിറ്റി നിശ്ചയിച്ചതില് വന്ന പിഴവാണെന്ന് ബോധ്യപ്പെട്ടു.

തുടർന്ന് ടി വിഷയം സംബന്ധിച്ച് 19.03.2019, 11.04.2019 എന്നീ തീയതികളിൽ അഡീഷണൽ ഡയറക്ടർ (എ & റ്റി) ടിയാളുകളെ നേരിട്ട് കേൾക്കുകയും സൂചന 2 പ്രകാരം ടിയാളുകൾ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സൂചന 5 പ്രകാരം റാങ്ക് പുനഃക്രമീകരിച്ച് ശ്രീമതി. സീന. കെ. എസിന് റാങ്ക് നമ്പർ 2642 ന പകരം 3239(എ) യും ശ്രീമതി. മോനിഷക്ക് 2644 ന പകരം 3239(ബി) യും സ്ഥാനം നൽകി നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ ആക്ഷേപങ്ങളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച 21.01.1994 മുതൽ 31.12.2006 വരെയുള്ള കാലയളവിലെ JPHN Gr. II വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. സീന. കെ. എസിന്റെ റാങ്ക് നമ്പർ 2642 ഉം ശ്രീമതി. മോനിഷയുടെ റാങ്ക് നമ്പർ 2644 ഉം റദ്ദ് ചെയ്യുന്നതിനും ടിയാളുകളുടെ സ്ഥാനം പുനഃക്രമീകരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സീന. കെ. എസ്, ശ്രീമതി. മോനിഷ എന്നിവർക്ക് സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ യഥാക്രമം 2642, 2644 എന്നീ സ്ഥാനങ്ങൾ റദ്ദാക്കുകയും ടിയാളുകളുടെ സ്ഥാനങ്ങൾ പുനഃക്രമീകരിച്ച് യഥാക്രമം 3239 A, 3239 B എന്നീ സ്ഥാനങ്ങൾ നൽകികൊണ്ട് ഉത്തരവാകുന്നു.

78 GOVERNMENT OF KERALA 2017-18

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl. No | Name | Date of Birth | Qualification | Date of Joining | Date of Commencement of Continuous service | Date of assigning for Seniority | Present Rank No.in JPHN Gr. II Seniority list | New Rank No in JPHN Gr. II Seniority list | Details of Advice/Appointment/GO etc |
|---|---|---|---|---|---|---|---|---|---|
| 1 | Seena. K. S | 15.05.1978 | SSLC/ ANM | 13.09.05 | 13.09. 05 | 27.8.05 | 2642 | 3239(A) | W1(3)3023/02/ Dist.officer,KPSC (W),Dt.27.8.05 Order No.A4/5317/05/ DMO(H)W, Dt.3.9.05 |
| 2 | Monisha | 10.2.1983 | PDC/ ANM | 17.11.05 | 17.11.05 | 27.8.05 | 2644 | 3239(B) | W1(3)3023/02/ Dist.officer,KPSC (W),Dt.27.8.05 Order No.A4/5317/05/ DMO(H)W, Dt.25.10.05 |

ഒപ്പ്/-
ഡോ. സമീറ. എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(A & T)

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് വെബ് സൈറ്റ് മുഖേന)
2) മെഡിക്കൽ ഓഫീസർ, പി. എച്ച്. സി തൊണ്ടർനാട്, വയനാട്
3) മെഡിക്കൽ ഓഫീസർ, പി. എച്ച്. സി പെരിയ, വയനാട്
4) ശ്രീമതി. സീന. കെ. എസ്, JPHN
   തൊണ്ടർനാട് പി. എച്ച്. സി, വയനാട്
5) ശ്രീമതി. മോനിഷ, JPHN
   പെരിയ പി. എച്ച്. സി, വയനാട്

പകർപ്പ്

1. സൂപ്രണ്ട്, FW സെക്ഷൻ
2. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

39679

GOVERNMENT OF KERALA 2017-18